## പാഠം 12 സെപ്റ്റംബർ 9–15

# ആത്മാവിനെ അനുസരിച്ചു നടക്കുവിൻ

**ശബ്ബത്ത് സായാഹ്നം**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക:**

**ഗലാ. 5:16–25; ആവ. 13:4,5; റോമ. 7:14–24; യിരെ. 7:9; ഹോശ. 4:2; മത്താ. 22:35–40.**

**മനഃപാഠവാക്യം:**

**"ആത്മാവിനെ അനുസരിച്ചു നടക്കുവിൻ; എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കുകയില്ല എന്നു ഞാൻ പറയുന്നു" (ഗലാ. 5:16).**

ഏറ്റവും പ്രിയപ്പെട്ട ക്രിസ്തീയ ഗാനങ്ങളിലൊന്ന് റോബർട്ട് റോബിൻസണിന്റെ "Come,Than Fount of every blessing'' എന്ന ഗാനമാണ്. എന്നിരുന്നാലും, റോബിൻ സൺ എപ്പോഴും ഒരു വിശ്വസ മനുഷ്യനായിരുന്നില്ല. അവന്റെ പിതാവിന്റെ മരണം അവനെ കോപാകുലനാക്കി, അവൻ വിഷയാസക്തിയിലും മദ്യാസക്തിയിലും പതിച്ചു. പ്രശസ്ത പ്രാസംഗികൻ ജോർജ്ജ് വൈറ്റ്ഫീൽഡിനെ ശ്രവിച്ചശേഷം റോബിൻസൺ അവന്റെ ജീവിതം കർത്താവിനു സമർപ്പിക്കുകയും, ഒരു മെതഡിസ്റ്റ് പാസ്റ്ററാകുകയും, ആ ഗാനം എഴുതുകയും ചെയ്തു. അതിന്റെ ആദ്യ പതിപ്പിലെ വാക്കുകൾ ഇങ്ങനെയായിരുന്നു.

"ഓ കൃപയ്ക്ക് എത്ര വലിയ കടക്കാരനാകാൻ
ദിനവും ഞാൻ നിർബന്ധിതൻ
നിൻ നന്മ ഒരു ചങ്ങലപോൽ
അലയുമെൻ ഹൃദയേ നിന്നോട് ബന്ധിക്കട്ടെ"

ക്രിസ്തീയ ഹൃദയത്തിന്റെ അലച്ചിലിൽ അസ്വസ്ഥനായ ആരോ ഒരാൾ വരികൾ ഇങ്ങനെ മാറ്റി:

"ആരാധിക്കാൻ ശീലമുള്ള എനിക്ക്
അത് തോന്നുന്നു കർത്താ
ഞാൻ സേവിക്കും ദൈവത്തെ
സ്നേഹിക്കാൻ ശീലമുള്ളതാൽ'

പ്രസാധകന് നല്ല ഉദ്ദ്യേശ്യമുണ്ടായിരുന്നിട്ടുകൂടി, ആദ്യ വാക്കുകൾ കൃത്യമായി ക്രിസ്തീയ പോരാട്ടത്തെ വർണ്ണിക്കുന്നു. വിശ്വാസികളെന്ന നിലയിൽ നമുക്ക് രണ്ട് പ്രകൃതങ്ങളുണ്ട്, ആത്മാവും ജഡവും, അവ പോരാട്ടത്തിലും. നമ്മുടെ വ്യാപകമായ പ്രകൃതം എപ്പോഴും ദൈവത്തിൽ നിന്ന് അകന്ന് പോകാൻ "പ്രവണതയുള്ളത്" ആണെങ്കിലും, നാം അവന്റെ ആത്മാവിനു കീഴ്പ്പെടുവാൻ മനസ്സുള്ളവരാണെങ്കിൽ, നമുക്ക് ജഡത്തിന്റെ ആഗ്രഹങ്ങൾക്ക് അടിമയാകേണ്ടതില്ല. ഇതാണ് ഈ ആഴ്ചയിലേക്കുള്ള വാക്യങ്ങളിൽ പൗലൊസിന്റെ ഉള്ളടക്കം.

✱ സെപ്റ്റംബർ 16 -ലേക്കുള്ള ശബ്ബത്തിന് തയ്യാറാകുവാൻ ഈ ആഴ്ചയിലെ പാഠം പഠിക്കുക.

**ഞായർ** **സെപ്റ്റംബർ 10**

**ആത്മാവിൽ നടക്കുന്നു**

**ഗലാ. 5:16 വായിക്കുക. “നടക്കുന്നു” എന്ന ആശയത്തിന് ഒരു വിശ്വാസ ജീവിതവുമായി എന്ത് ബന്ധമാണുള്ളത്? ആവ. 13:4,5: റോമ. 13:13; എഫെ. 4:1,17; കൊലൊ. 1:10.**

ഒരു വ്യക്തി പെരുമാറേണ്ടുന്നതിനെ സൂചിപ്പിക്കുന്നതിന് പഴയനിയമത്തിൽ നിന്നും എടുത്തിട്ടുള്ള ഒരലങ്കാരമാണ് “നടക്കുന്നു”. എന്നത് ഒരു യെഹൂദനായിരുന്ന പൗലൊസ് തന്നെ അവന്റെ എഴുത്തുകളിൽ ക്രിസ്തീയ ജീവിതത്തിൽ അനുവർത്തിക്കേണ്ട സ്വഭാവത്തെ വർണ്ണിക്കുവാൻ ഈ വാക്ക് ഉപയോഗിക്കുന്നുണ്ട്. അവൻ ഈ അലങ്കാരം ഉപയോഗിച്ചത് ആദിമ സഭയുമായി ബന്ധപ്പെട്ട ആദ്യപേരുമായി ബന്ധപ്പെട്ടായിരിക്കാം. യേശുവിന്റെ അനുയായികൾ ക്രിസ്ത്യാനികളെന്ന് വിളിക്കപ്പെടുന്നതിന് മുൻപ് (അ. പ്ര. 11:26), അവർ വെറും മാർഗ്ഗത്തിന്റെ അനുയായികളായിരുന്നു (യോഹ. 14:6, അ. പ്ര. 22:4, 24:14). ഇത് സൂചിപ്പിക്കുന്നത്, വളരെ വളരെ മുൻപ് ക്രിസ്ത്യാനിത്വം എന്നത് യേശുവിൽ കേന്ദ്രീകൃതമായ ഒരു കൂട്ടം ദൈവശാസ്ത്രപരമായ വിശ്വാസങ്ങൾ മാത്രമല്ല പിന്നെയോ “നടക്കേണ്ടുന്ന” ഒരു “മാർഗ്ഗമായിരുന്നു.”

പഴയനിയമത്തിൽ കാണുന്നതിൽ നിന്ന് വിഭിന്നമായി പൗലൊസിന്റെ അലങ്കാരം ഏത് രീതിയിലാണ് വ്യത്യാസപ്പെട്ടിരിക്കുന്നത്? പുറ. 16:4; ലേവ്യ 18:4; യിരെ. 44:23 എന്നിവ ഗലാ. 5:16, 25; റോമ. 8:4 എന്നിവയുമായി താരതമ്യം ചെയ്യുക.

പഴയനിയമത്തിന്റെ പെരുമാറ്റം എന്നത് വെറുതെ “നടപ്പ്” എന്ന് നിർവചിക്കുകയായിരുന്നില്ല പിന്നെയോ പ്രത്യേകമായി “ന്യായപ്രമാണത്തിൽ നടക്കുന്നു” എന്നായിരുന്നു. “Halakhah (ഹലാക്കാഹ്) എന്ന വാക്കാണ് യെഹൂദന്മാർ അവരുടെ പൂർവ്വ പിതാക്കന്മാരുടെ റബ്ബീ പാരമ്പര്യങ്ങളിലും ന്യായപ്രമാണത്തിലും കാണപ്പെട്ട ചട്ടങ്ങളും പ്രമാണങ്ങളും സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്നത്. ഹലാക്കാഹ് എന്നത് മിക്കപ്പോഴും “യെഹൂദാ ന്യായപ്രമാണം” എന്ന് തർജ്ജമ ചെയ്തപ്പോൾ, ആ വാക്ക് വാസ്തവത്തിൽ “നടക്കുക” എന്നർത്ഥമുള്ള എബ്രായ വാക്കിൽ അടിസ്ഥാനപ്പെടുത്തിയതാണ് അതിന്റെ അക്ഷരാർത്ഥത്തിലുള്ള അർത്ഥം “നടത്തേണ്ടുന്ന വഴി” എന്നാണ്.

“ആത്മാവിനെ അനുസരിച്ച് നടക്കുന്നു” എന്നതിനെക്കുറിച്ചുള്ള പൗലൊസിന്റെ പരാമർശങ്ങൾ ന്യായപ്രമാണത്തോടുള്ള അനുസരണത്തിന് വിരുദ്ധമല്ല. ന്യായപ്രമാണം ലംഘിക്കുന്ന വിധം ക്രിസ്ത്യാനികൾ ജീവിക്കണം എന്നവൻ നിർദേശിക്കുകയല്ല. വീണ്ടും, പൗലൊസ് ന്യായപ്രമാണത്തിനോ, അതിനോടുള്ള അനുസരണത്തിനോ എതിരല്ല. അവന്റെ എതിർപ്പ് ന്യായപ്രമാണം ദുരുപയോഗം ചെയ്യപ്പെടുന്ന നിയമസിദ്ധാന്തപരമായ മാർഗ്ഗമാണ്. ദൈവം ആഗ്രഹിക്കുന്ന യഥാർത്ഥ അനു

സരണം ഒരിക്കലും ബാഹ്യമായ നിർബന്ധത്താൽ നേടിയെടുക്കാനാകില്ല. പിന്നെയോ ആത്മാവിനാൽ ഉണ്ടാക്കപ്പെടുന്ന ഒരു ആന്തരികമായ പ്രേരണയാൽ മാത്രം (ഗലാ. 5:18) അത് സാധ്യം.

**"ആത്മാവിനെ അനുസരിച്ച്" നടക്കുന്നതിനെക്കുറിച്ച് നിങ്ങളുടെ സ്വന്തം അനുഭവം എന്തായിരുന്നു? അത് നിങ്ങൾ എങ്ങനെ ചെയ്യുന്നു? നിങ്ങളുടെ ജീവിതത്തിലെ എന്ത് ശീലങ്ങളാണ് ഈ നടപ്പ് കൂടുതൽ പ്രയാസകരമാക്കുന്നത്?**

**തിങ്കൾ** **സെപ്റ്റംബർ 11**

**ക്രിസ്ത്യാനിലൂടെ സംഘട്ടനം**

ജഡാഭിലാഷം ആത്മാവിനും ആത്മാഭിലാഷം ജഡത്തിനും വിരോധമായിരിക്കുന്നു; നിങ്ങൾ ഇച്ഛിക്കുന്നതു ചെയ്യാത്തവണ്ണം അവ തമ്മിൽ പ്രതികൂലമല്ലോ" (ഗലാ.5:17; റോമ. 7:14-24 ഉം കാണുന്നു). നിങ്ങൾ എങ്ങനെയാണ്, ഒരു വിശ്വാസിയെന്ന നിലയിൽ, ഈ വാക്കുകളുടെ കർക്കശവും വേദനാജനകവുമായ യാർത്ഥ്യത്തെ നിങ്ങളുടെ ജീവിതത്തിൽ അനുഭവിച്ചിട്ടുള്ളത്?

പൗലൊസ് വിശദീകരിക്കുന്ന പോരാട്ടം എല്ലാ മനുഷ്യരുടെയും പോരാട്ടമല്ല; അത് സൂചിപ്പിക്കുന്നത് പ്രത്യേകമായി ഒരു ക്രിസ്ത്യാനിയുടെ ഉള്ളിൽനടക്കുന്ന വടംവലിയെക്കുറിച്ചാണ്. കാരണം മനുഷ്യൻ ജനിക്കുന്നത് ജഡാഭിലാഷങ്ങളുമായുള്ള ഐക്യത്തിലാണ് (റോമ. 8:7). നാം പുതിയതായി ആത്മാവിൽ ജനിക്കുമ്പോൾ മാത്രമാണ് ഒരു യഥാർത്ഥ ആത്മീയ സംഘട്ടനം പുറത്തുവരാൻ തുടങ്ങൂ (യോഹ. 3:6). അക്രൈസ്തവർ ഒരിക്കലും ധാർമ്മിക സംഘട്ടനം അനുഭവിക്കുന്നില്ല എന്ന് ഇതിനർത്ഥമില്ല; അവരും നിശ്ചയമായി അതനുഭവിക്കുന്നു. എന്നാൽ ആ സംഘട്ടനം പോലും ആത്യന്തികമായി ആത്മാവിന്റെ ഫലമാണ്. ക്രിസ്ത്യാനി സംഘട്ടനം അനുഭവിക്കുന്നില്ല എന്ന് ഇതിനർത്ഥമില്ല; അവരും നിശ്ചയമായി അതനുഭവിക്കുന്നു. എന്നാൽ ആ സംഘട്ടനം പോലും ആത്യന്തികമായി ആത്മാവിന്റെ ഫലമാണ്. എന്നിരുന്നാലും, ക്രിസ്ത്യാനിയുടെ സംഘട്ടനം ഒരു പുതിയ തലത്തിലേക്ക് നീങ്ങുന്നു. കാരണം, വിശ്വാസിക്ക് അന്യോന്യം പോരടിക്കുന്ന രണ്ട് പ്രകൃതങ്ങളുണ്ട്, ആത്മാവും ജഡവും.

ചരിത്രത്തിലുടനീളം, ക്രിസ്ത്യാനികൾ ഈ സംഘട്ടനത്തിൽനിന്നും ആശ്വാസത്തിനായി ആഗ്രഹിച്ചിട്ടുണ്ട്. ചിലർ ഈ സംഘട്ടനം അവസാനിപ്പിക്കാൻ ശ്രമിച്ചത് സമൂഹത്തിൽനിന്നും ഉൾവലിഞ്ഞുകൊണ്ടാണ്, മറ്റുള്ളവരാകട്ടെ പാപപ്രകൃതം കൃപയുടെ ഒരു ദിവ്യമായ പ്രവർത്തിയിലൂടെ ഇല്ലായ്മ ചെയ്യാം എന്ന് അവകാശപ്പെട്ടിട്ടുണ്ട്. രണ്ട് ശ്രമങ്ങളും തെറ്റായി നയിക്കപ്പെട്ടതാണ്. ആത്മാവിന്റെ ശക്തിയാൽ ജഡത്തിന്റെ ആഗ്രഹങ്ങളെ നിശ്ചയമായും കീഴ്പ്പെടുത്താൻ കഴിയുമെങ്കിലും, രണ്ടാം വരവിൽ നമുക്കൊരു പുതിയ ശരീരം ലഭിക്കുംവരെ ഈ സംഘട്ടനം വിവിധ രീതികളിൽ തുടരും. സമൂഹത്തിൽനിന്ന് ഓടിയകലുന്നത് സഹായിക്കില്ല, കാരണം നാം എവിടെ പോയാലും ഈ സംഘട്ടനം നാം നമ്മോടൊപ്പം കൊണ്ടുപോകുന്നു, ഇത് നാം മരണം വരെയോ രണ്ടാംവരവുവരെയോ തുടരും.

അവർക്ക് ഇഷ്ടമുള്ളത് ചെയ്യാൻ തടസ്സം നിൽക്കുന്ന ക്രിസ്ത്യാനികൾക്കുള്ളിലെ സംഘട്ടനത്തെക്കുറിച്ച് പൗലൊസ് റോമർ 7ൽ എഴുതുമ്പോൾ, അവൻ ആ സംഘട്ടനത്തിന്റെ പൂർണ്ണ അളവിനെ കുറച്ചുകാണുകയാണ്. നമുക്ക് രണ്ടു പ്രകൃതങ്ങളുള്ളതുകൊണ്ട് നാം ഒരേസമയം പോരാട്ടത്തിന്റെ രണ്ടുപക്ഷത്തുമാണ്. നമ്മിലെ ആത്മീയഭാഗം ആത്മീയമായതിനെ ആഗ്രഹിക്കുകയും ജഡത്തെ വെറുക്കുകയും ചെയ്യുന്നു. എന്നിരുന്നാലും, നമ്മുടെ ജഡത്തിന്റെ ഭാഗം, ജഡത്തിന്റെ കാര്യങ്ങൾക്കായി വാഞ്ഛിക്കുകയും ആത്മീയമായതിനെ എതിർക്കുകയും ചെയ്യുന്നു. മാനസാന്തരപ്പെട്ട ബലഹീന മനസ്സിന് സ്വയമായി ജഡത്തെ പ്രരോധിക്കാൻ കഴിയാത്തതുകൊണ്ട്, ജഡത്തെ കീഴടക്കാനുള്ള നമ്മുടെ ഏക പ്രത്യാശ ആത്മാവിനോടൊത്തു ചേർന്ന് നമ്മുടെ പാപകരമായ സ്വയത്തിനെതിരെ തീരുമാനമെടുക്കുകയെന്നാണ്. ഇതുകൊണ്ടാണ് നാം ആത്മാവിനെ അനുസരിച്ചു നടക്കണം എന്ന് പൗലൊസ് നിർബന്ധം പിടിക്കുന്നത്.

ഈ രണ്ട് പ്രകൃതങ്ങൾക്കെതിരെയുള്ള നിങ്ങളുടെ പോരാട്ടത്തിന്റെ അനുഭവത്തിൽ, സ്വയത്തോടുള്ള ഈ ഒരിക്കലുമവസാനിക്കാത്ത പോരാട്ടവുമായി ഒത്തുപോകാൻ ശ്രമിക്കുന്ന ഒരു ക്രിസ്ത്യാനിക്ക് നിങ്ങൾ എന്ത് ഉപദേശം നൽകും?

**ചൊവ്വ** **സെപ്റ്റംബർ 12**

**ജഡത്തിന്റെ പ്രവൃത്തികൾ**

ആത്മാവും ജഡവും തമ്മിൽ നിലനിൽക്കുന്ന പോരാട്ടം അവതരിപ്പിച്ചശേഷം, ഗലാ. 5:18-26ൽ പൗലൊസ് ധാർമ്മിക സൽഗുണങ്ങളുടെയും ദുർഗുണങ്ങളുടെയും ഒരു കുറിപ്പ് മുഖാന്തരം ഈ വൈരുദ്ധ്യത്തിന്റെ പ്രകൃതത്തെ വിപുലീകരിക്കുന്നു. സൽഗുണങ്ങളുടെയും ദുർഗുണങ്ങളുടെയും വിവരപ്പട്ടിക ഗ്രീക്കോ-റോമൻ യെഹൂദാ സാഹിത്യത്തിൽ സ്ഥാപിതമായ ഒരു കാര്യമായിരുന്നു. അനുകരിക്കേണ്ട സൽഗുണങ്ങളുടെയും ഒഴിവാക്കപ്പെടേണ്ട പെരുമാറ്റരീതികളെയും ഈ വിവരപ്പട്ടിക എടുത്തുകാണിച്ചു.

**താഴെയുള്ള പാഠഭാഗങ്ങളിലെ സദ്ഗുണങ്ങളുടെയും ദുർഗുണങ്ങളുടെയും വിവരപ്പട്ടിക സസൂക്ഷ്മം പരിശോധിക്കുക. ഈ പട്ടികകളോട് സാമ്യവും അതേസമയം വ്യത്യാസവുമായി ഏതെല്ലാം രീതികളിലാണ് പൗലൊസിന്റെ ഗലാ. 5:19-24 ലെ വിവരപ്പട്ടിക? യിരെ. 7:9; ഹോശെ. 4:2; മർക്കോ. 7:21,22; 1 തിമൊ. 3:2,3; 1 പത്രൊ. 4:3; വെളി. 21:8.**

സദ്ഗുണങ്ങളെയും ദുർഗുണങ്ങളെക്കുറിച്ചുള്ള പട്ടികകളെക്കുറിച്ച് പൗലൊസിന് നല്ല ബോദ്ധ്യമുണ്ടായിരുന്നെങ്കിലും, ഈ രണ്ട് പട്ടികകളും അവൻ ഗലാത്യരിൽ ഉപയോഗിക്കുന്നതിൽ പ്രകടമായ വ്യത്യാസങ്ങളുണ്ട്. ഒന്നാമത്, ആ രണ്ടു പട്ടികകളെയും പൗലൊസ് ഒത്തുനോക്കുന്നുവെങ്കിലും, അവൻ അവയെ ഒരുപോലെ പരാമർശിക്കുന്നില്ല. ദുർഗുണങ്ങളുടെ പട്ടികയെ അവൻ "ജഡത്തിന്റെ പ്രവർത്തികൾ" എന്ന് എടുത്തുകാണിക്കുന്നു. എന്നാൽ സദ്ഗുണങ്ങളുടെ പട്ടികയയെ അവൻ "ആത്മാവിന്റെ ഫലം" എന്നുപറയുന്നു. ഇതൊരു പ്രധാന വ്യത്യാസമാണ്. ജെയിമസ് സി.ഡി.സൺ എഴുതുന്നതുപോലെ, "ജഡം ആവശ്യപ്പെടുന്നു" എന്നാൽ

ആത്മാവ് "നിർമ്മിക്കുന്നു" ഒരു പട്ടികയിൽ ആകാംഷയുള്ള സ്വയ-അധികാരവും ഭ്രാന്തമായ സ്വയം-മുഴുകലും ഉള്ളപ്പോൾ, അടുത്തത് കൂടുതലായും മറ്റുള്ളവരെക്കുറിച്ചുള്ള കരുതലിനെയും, ശാന്തതയെയും, വഴങ്ങുന്നതിനെയും, വിശ്വാസയോഗ്യമായതിനെയും കുറച്ച് സംസാരിക്കുന്നു. ഒന്ന് മാനുഷിക സൂത്രത്തിൽ കാര്യങ്ങൾ അനുകൂലമാക്കുന്നതിനെയും അടുത്തത് ദിവ്യമായ പ്രാപ്തമാക്കലിനെയും അതല്ലെങ്കിൽ കൊത്തിവയ്ക്കലിനെയും കാണിക്കുന്നു. ആന്തരിക മാറ്റമാണ് ഉത്തരവാദിത്തമുള്ള പെരുമാറ്റത്തിന്റെ ഉറവിടമെന്ന് കാര്യം ആവർത്തിച്ച് ഉറപ്പിച്ചുപറയുന്നു. "The Epistle to the Galatians, p. 308

പൗലൊസിന്റെ രണ്ട് പട്ടികകൾ തമ്മിലുള്ള വ്യത്യാസങ്ങളിലൊന്ന് ദുർഗുണങ്ങളുടെ പട്ടിക മനഃപൂർവ്വമായി ബഹുവചനങ്ങളിലാണ് ഉപയോഗിച്ചിരിക്കുന്നതെന്നാണ് "ജഡത്തിന്റെ പ്രവർത്തികൾ" ആത്മാവിന്റെ ഫലം എന്നത് ഏകവചനത്തിലും. ഈ വ്യത്യാസം ഒരുപക്ഷെ സൂചിപ്പിക്കുന്നത് ജഡത്തിൽ ജീവിക്കുന്ന ജീവിതത്തിന് വിഭജനവും, കലാപവും, വേർതിരിവും അനൈക്യവും മാത്രമെ നൽകാനാവൂ എന്നായിരിക്കും. ഇതിനു പിരുദ്ധമായി ആത്മാവിന്റെ തലത്തിൽ ജീവിക്കുന്ന ജീവിതം ഉണ്ടാക്കുന്നത് ഐക്യം ഊട്ടിവളർത്തുന്ന 9 ഗുണങ്ങൾ അതിൽതന്നെ വെളിവാക്കുന്ന ആത്മാവിന്റെ ഒരു ഫലത്തിലാണ്.

ഈ പാശ്ചാത്തലത്തിൽ, ചില മനുഷ്യർ അവകാശപ്പെടുന്നത് ഒരുവൻ ആത്മാർത്ഥതയുള്ളവനായിരിക്കുന്നിടത്തോളം അവൻ ദൈവത്തെക്കുറിച്ച് എന്ത് വിശ്വസിക്കുന്നുവെന്നത് പ്രശ്നമല്ല എന്നാണ്. യാതൊന്നും സത്യത്തിൽനിന്നും ഇത്രയകലെയല്ല. പൗലൊസിന്റെ ദുർഗുണപ്പട്ടിക വേറൊന്നാണ് സൂചിപ്പിക്കുന്നത്. ദൈവത്തെക്കുറിച്ചുള്ള ദുഷിച്ച കാഴ്ചപ്പാടുകൾ ലൈംഗിക പെരുമാറ്റത്തെക്കുറിച്ചും, മതം സദാചാരസംഹിത എന്നിവയെക്കുറിച്ചും മാനുഷിക ബന്ധങ്ങളുടെ തകർച്ചയിലേക്ക് എത്തിച്ചേരുകയും ചെയ്യും. ഇതിലുപരിയായി, നിത്യജീവന്റെ നഷ്ടത്തിലേക്കും അവയ്ക്ക് നയിക്കാൻ കഴിയും (ഗലാ. 5:21).

**"ജഡത്തിന്റെ പ്രവർത്തികളുടെ" പട്ടികയിലൂടെ കടന്നുപോകുക. ഏത് രീതികളിലാണ് ഓരോന്നും പത്തു കല്പനകളിൽ ഒന്നിന്റെയോ അതിൽ കൂടുതലായോ കാണാൻ കഴിയുക?**

**ബുധൻ** **സെപ്റ്റംബർ 13**

**ആത്മാവിന്റെ ഫലം (ഗലാ. 5:22-24)**

**"ആത്മാവിന്റെ ഫലമോ; സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം. വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം; ഈ വകയ്ക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല" (ഗലാ. 5:22,23). ഈ വാക്യങ്ങളിൽ പ്രകടിപ്പിച്ചിരിക്കുന്നതുപോലെ ആത്മാവിന്റെ ഫലം ഏതെല്ലാം വിധത്തിലാണ് പത്ത് കല്പനകളോടുള്ള അനുസരണം പ്രതിഫലിപ്പിക്കുന്നത്? (മത്താ. 5:21,22,27,28; 22:35-40).**

പത്ത് കല്പനകൾ സ്നേഹത്തിനു പകരമല്ല; നാം എങ്ങനെ സ്നേഹം കാണിക്കണമെന്ന് അവ നമുക്ക് വഴികാട്ടുന്നു. മനുഷ്യരോടും ദൈവത്തോടും. ന്യായപ്രമാണത്തിന്റെ എഴുത്തിനെ അതെത്രമാത്രം മറികടന്നാലും, സ്നേഹം ന്യായപ്രമാണവുമായി വൈരുദ്ധ്യത്തിലല്ല. ദൈവത്തോടും അയൽക്കാരോടുമുള്ള നമ്മുടെ സ്നേഹം പത്ത് കല്പനയെ ഇല്ലാതാക്കുന്നു എന്നത് പ്രകതിയോടുള്ള സ്നേഹം ഗുരുത്വാകർഷണ സിദ്ധാന്തത്തെ ഇല്ലാതാക്കുന്നു എന്നു പറയുന്നതുപോലെയാണ്.

കൂടാതെ, ജഡത്തിന്റെ പ്രവർത്തികളുടെ 15 ഒറ്റവാക്ക് വിവരണങ്ങൾക്ക് വിപരീതമായി, ആത്മാവിന്റെ ഫലം വർണ്ണിച്ചിരിക്കുന്നത് 9 ലക്ഷണമൊത്ത സദ്ഗുണങ്ങളിലാണ്. പണ്ഡിതന്മാർ വിശ്വസിക്കുന്നത് ഈ 9 ഗുണങ്ങൾ മൂന്നുവീതമുള്ള കൂട്ടങ്ങളാക്കിയിരിക്കുകയാണെന്നാണ്. എന്നാൽ അതിന്റെ അടുക്കിന്റെ പ്രാധാന്യത്തെക്കുറിച്ച് വലിയ ഐക്യമൊന്നുമില്ല. ചിലരിതിൽ ത്രിത്വത്തിന്റെ വ്യക്തമായ ഒരു സൂചന കാണുന്നു; മറ്റുള്ളവർ വിശ്വസിക്കുന്നത് മൂന്നിന്റെ ഈ മൂന്നുകൂട്ടങ്ങൾ പ്രതിഫലിപ്പിക്കുന്നത് നാം ദൈവത്തോടും അയൽക്കാരനോടും ഒടുവിലായി നമ്മോടുതന്നെയും ബന്ധപ്പെടേണ്ട വഴികളാണെന്നാണ്; ഇനിയും ചിലർ ഈ പട്ടികയെ യേശുവിന്റെ ഒരു വിവരണമായി കാണുന്നു. ഓരോ കാഴ്ചപ്പാടിനും ഒരു നന്മയുണ്ടെങ്കിലും, നാം കാണാതെ പോകാൻ പാടില്ലാത്ത ഏറ്റവും പ്രധാനപ്പെട്ടകാര്യം ക്രിസ്തീയ ജീവിതത്തിൽ സ്നേഹത്തിനു പൗലൊസ് നൽകുന്ന പരമ പ്രാധാന്യമാണ്.

ഈ 9 ഗുണങ്ങളിൽ പൗലൊസ് ആദ്യം സ്നേഹം വെക്കുന്നത് യാദൃശ്ചികമല്ല; അവൻ നേരത്തെതന്നെ ഗലാ. 5:6ലും 13ലും ക്രിസ്ത്യീയ ജീവിതത്തിൽ സ്നേഹത്തിനുള്ള മുഖ്യപങ്ക് ഉയർത്തിക്കാണിച്ചിട്ടുണ്ട്. അവൻ മറ്റിടങ്ങളിൽ അവനുള്ള ഗുണങ്ങളുടെ പട്ടികയിലും ഇതിനെ ഉൾപ്പെടുത്തിയിട്ടുണ്ട് (2 കൊരി. 6:6; 1 തിമൊ. 4:12; 6:11; 2 തിമൊ. 2:22).

അക്രൈസ്തവ ഉറവിടങ്ങളിലും മറ്റെല്ലാ ഗുണങ്ങളും കാണപ്പെടുന്നുവെങ്കിലും, സ്നേഹം വ്യക്തമായും ക്രിസ്ത്യാനിത്വത്തിന്റേതാണ്. ഇതെല്ലാം സൂചിപ്പിക്കുന്നത് സ്നേഹത്തെ അനേക ഗുണങ്ങൾക്കിടയിൽ ഒന്നായി മാത്രം കാണാൻ പാടില്ല പിന്നെയോ മറ്റെല്ലാ ഗുണങ്ങൾക്കും താക്കോലായ സുപ്രധാന ക്രിസ്തീയഗുണമായി കാണണമെന്നാണ്. സ്നേഹമാണ് ആത്മാവിന്റെ മുഖ്യഫലം (1 കൊരി. 13:13; റോമ. 5:5). അത് എല്ലാ ക്രിസ്ത്യാനിയുടെയും മനോഭാവവും ജീവിതവും നിർവ്വചിക്കണമെന്നാണ് (യോഹ.13:34,35), ചില നേരങ്ങളിൽ സ്നേഹം കാണിക്കാൻ വളരെ വിഷമമാണെങ്കിൽ കൂടി.

**സ്നേഹത്തിൽ എത്രമാത്രം സ്വയം ത്യജിക്കൽ ഉൾപ്പെട്ടിട്ടുണ്ട്? സ്വയം ത്യജിക്കലില്ലാതെ നിങ്ങൾക്ക് സ്നേഹിക്കാൻ കഴിയുമോ? സ്നേഹത്തെക്കുറിച്ചും സ്വയം ത്യജിക്കലിനെക്കുറിച്ചും യേശു എന്ത് പഠിപ്പിക്കുന്നു?**

**വിജയത്തിലേക്കുള്ള വഴി**

എല്ലാ വിശ്വാസിയുടെയും ഹൃദയത്തിൽ എപ്പോഴും ആത്മാവും ജഡവും തമ്മിലുള്ള ആന്തരിക സംഘട്ടനം അലയടിക്കുമെങ്കിലും, ക്രിസ്തീയ ജീവിതം പരാജയത്താലും. തകർച്ചയിലും പാപത്താലും അടക്കി വാഴപ്പെടേണ്ടതില്ല.

**ഗലാ. 5:16–26 പ്രകാരം, ജഡത്തിനുമേൽ ആത്മാവു വാഴുന്ന ഒരു ജീവിതം നയിക്കാനുള്ള താക്കോൽ എന്താണ്?**

ആത്മാവ് വാഴുന്ന ജീവിതത്തെ വിവരിക്കുന്ന അഞ്ച് സുപ്രധാന ക്രിയകൾ ഗലാ. 5:16–26ൽ അടങ്ങിയിരിക്കുന്നു. ഒന്നാമത്, വിശ്വാസികൾ ആത്മാവിൽ "നടക്കണം" (വാക്യം 16). ഗ്രീക്ക് ക്രിയ Peripateo (പെരിപാട്ടിയോ) ആണ്.അതിന്റെ യഥാർത്ഥ അർത്ഥം "ചുറ്റിനടക്കുക അല്ലെങ്കിൽ പിന്തുടരുക"എന്നാണ്. സുപ്രസിദ്ധ ഗ്രീക്ക് തത്വചിന്തകൻ അരിസ്റ്റോട്ടിലിന്റെ അനുയായികൾ പെരിപാറ്റിക്സ് എന്ന് അറിയപ്പെട്ടിരുന്നു. കാരണം അവർ അരിസ്റ്റോട്ടിൻ പോയിടത്തെല്ലാം അവനെ അനുഗമിച്ചു. ആ ക്രിയ വർത്തമാനകാലത്തിൽ സംസാരിക്കുന്നത് സാന്ദർഭികമായ ഒരു നടപ്പിനെക്കുറിച്ചല്ല മറിച്ച് തുടർച്ചയായ ദൈനംദിനമുള്ള ഒരു അനുഭവത്തെക്കുറിച്ചാണ്. ഇതിനുപുറമെ "നടക്കുക" എന്നാണ് ഒരു കല്പനകൂടി ആകയാൽ, അത് സൂചിപ്പിക്കുന്നത് ആത്മാവിൽ നടക്കുക എന്നത് നാം ദൈനംദിന അടിസ്ഥാനത്തിൽ എടുക്കേണ്ട ഒരു തെരഞ്ഞെടുപ്പാണെന്നാണ്. രണ്ടാമത്തെ ക്രിയ "അനുസരിച്ച് നടക്കുക" (വാക്യം 18) എന്നതാണ്. ഇത് സൂചിപ്പിക്കുന്നത് നാം എവിടെ പോകണമെന്നത് നിശ്ചയിക്കാൻ ആത്മാവിനെ അനുവദിക്കണമെന്നാണ് (റോമ. 8:14 ഉം 1 കൊരി. 12:2 ഉം തമ്മിൽ താരതമ്യം ചെയ്യുക. നയിക്കുക എന്നത് നമ്മുടെ ജോലിയല്ല പിന്നെയോ നാം പിന്തുടരണം.

അടുത്ത രണ്ട് ക്രിയകൾ പ്രത്യക്ഷപ്പെടുന്നത് ഗലാ. 5:25 ലാണ്. ഒന്നാമത്തേത് "ജീവിക്കുക" (ഗ്രീക്കിൽ Zao സാവോ). "ജീവിക്കുക" എന്നതുകൊണ്ട് പൗലൊസ് പരാമർശിക്കുന്നത് എല്ലാവിശ്വാസിയുടെയും ജീവിതം അടയാളപ്പെടുത്തുന്ന വീണ്ടും -ജനന അനുഭവമാണ്. പൗലൊസിന്റെ വർത്തമാനമായ ഉപയോഗം ചൂണ്ടിക്കാണിക്കുന്നത് ദിനംതോറും പുതുക്കേണ്ട വീണ്ടും–ജനന അനുഭവമാണ്. നാം ആത്മാവിനാൽ ജീവിക്കുന്നതുകൊണ്ട്, നാം ആത്മാവിൽ "നടക്കേണ്ട" ആവശ്യമുണ്ടെന്നും പൗലൊസ് തുടന്നെഴുതുന്നു. "നടക്കു" എന്ന് തർജ്ജമ ചെയ്തിരിക്കുന്ന വാക്ക് വാക്യം 16ൽ നിന്നും വിഭിന്നമാണ്. ഇവിടുള്ള വാക്ക് Stoicheo, (സ്റ്റോയിക്കിയോ) എന്നാണ്. അത് അക്ഷരാർത്ഥത്തിൽ "വരിയായി നിൽക്കുക" 'ചുവടൊത്ത് നടക്കുക'' അല്ലെങ്കിൽ അനുരൂപമാക്കുക എന്ന് അർത്ഥം വരുന്ന ഒരു സൈനിക പദമാണ്. ഇവിടുത്തെ ആശയം ആത്മാവ് നമുക്കു ജീവനെ മാത്രമല്ല തരുന്നത് പിന്നെയോ അത് ദൈനംദിന അടിസ്ഥാനത്തിൽ നമ്മുടെ ജീവിതത്തെ നയിക്കണമെന്നാണ്.

24–ാം വാക്യത്തിൽ പൗലൊസ് ഉപയോഗിക്കുന്ന ക്രിയ "ക്രൂശിക്കുക"എന്നാണ്. ഇത് അല്പം ഞെട്ടിക്കുന്നതാണ്. നാം ആത്മാവിനെ പിന്തുടരണമെങ്കിൽ, ജഡത്തിന്റെ

മോഹങ്ങളെ മരിപ്പിക്കും എന്ന ഒരു ദൃഢമായ തീരുമാനം നാം എടുക്കണം. നിശ്ച യമായും, പൗലൊസ് സംസാരിക്കുന്നത് ആലങ്കാരികമായാണ്. നാം ജഡത്തെ ക്രൂശിക്കുന്നത് നമ്മുടെ ആത്മീയ ജീവിതത്തെ പോഷിപ്പിച്ചും ജഡത്തിന്റെ മോഹ ങ്ങളെ പട്ടിണിക്കിടുകയും വേണം?

**ക്രിസ്തുവിൽ നിങ്ങൾക്ക് വാഗ്ദത്തം ചെയ്യപ്പെടുന്ന വിജയം ഉണ്ടാക്കു വാൻ നിങ്ങൾ എന്ത് മാറ്റങ്ങളും തെരഞ്ഞെടുപ്പുകളും നടത്തണം?**

**വെള്ളി** **സെപ്റ്റംബർ 15**

**കൂടുതൽ ചിന്ത:** ക്രിസ്ത്യാനിയുടെ ജീവിതം എപ്പോഴും ബുദ്ധിമുട്ടുകളില്ലാ ത്തതല്ല. അവന് കടുപ്പമേറിയ സംഘട്ടനങ്ങൾ നേരിടേണ്ടതുണ്ട്. കഠിനമായ പരീ ക്ഷകൾ അവനെ ആക്രമിക്കും. "ജഡാഭിലാഷം ആത്മാവിനും ആത്മാഭിലാഷം ജഡത്തിനും വിരോധമായിരിക്കുന്നു" ഈ ഭൂമിയുടെ അവസാനത്തിലേക്ക് നാം അടുക്കുന്തോറും ശത്രുവിന്റെ ആക്രമണം കൂടുതൽ ചതിനിറഞ്ഞതും കെണിയിലാ ക്കുന്നതുമാകും. അവന്റെ കടന്നാക്രമണങ്ങൾ കൂടുതൽ ഘോരവും അടിക്കടിയുള്ള തുമാകും. സത്യത്തെയും വെളിച്ചത്തെയും എതിർത്തുനിൽക്കുന്നവർ കൂടുതൽ കാഠിന്യമുള്ളവരും മനസ്സിൽ പതിപ്പിക്കാനാവാത്തവരുമാകും. ദൈവത്തെ സ്നേഹി ക്കുകയും അവന്റെ കല്പനകളെ പ്രമാണിക്കുകയും ചെയ്യുന്നവർക്കെതിരെ അവർ കൂടുതൽ വൈരാഗ്യമുള്ളവരുമാകും (MS 33,1911). "EGW Comments, The SDA Bible Commentary , vol.6,p.1111

ആത്മാവിൽ ക്രിസ്തുവിന്റെ ജീവിതമാണ് പരിശുദ്ധാത്മാവിന്റെ സ്വാധീനം. നാം ക്രിസ്തുവിനെ കാണുകയോ അവനോട് സംസാരിക്കുകയോ ചെയ്യുന്നില്ല, എന്നാൽ അവന്റെ പരിശുദ്ധാത്മാവ് ഒരിടത്തുള്ളതുപോലെതന്നെ മറ്റൊരിടത്തും സമീപമാണ്. അത് ക്രിസ്തുവിനെ സ്വീകരിക്കുന്നവരിലും അവരിലൂടെയും പ്രവർത്തിക്കുന്നു. ആത്മാവ് ഉള്ളിൽ വസിക്കുന്നവർ ആത്മാവിന്റെ ഫലങ്ങൾ വെളി വാക്കും. സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, സൗമ്യത, ഇന്ദ്രിയജ യം, വിശ്വസ്തത (MS 41, 1897). ("EGW Comments, The SDA Bible Commentary, vol. 6, p. 1112.

**ചർച്ചാ ചോദ്യങ്ങൾ:**

(1) ജഡത്തിന്റെ മോഹങ്ങളെ ക്രൂശിക്കുക എന്ന ആശയത്തെക്കുറിച്ച് കൂടുത ലായി ചിന്തിക്കുക. എന്താണതിന്റെ അർത്ഥം? അത് നാം എങ്ങനെ ചെയ്യും? നാം എത്ര കൂടെക്കൂടെയാണ് അത് ചെയ്യേണ്ടത്? എന്തുകൊണ്ടായിരിക്കാം പൗലൊസ് ഇത്ര ശക്തമായ ക്രിയ ഉപയോഗിച്ചത്? സ്വയമായുള്ള പോരാട്ടം എത്ര കഠിനമാണെന്നതിനെക്കുറിച്ച് പൗലൊസ് ഉഫയോഗിച്ച ക്രൂശിക്കു എന്ന വാക്ക് നമ്മോട് എന്തു പറയുന്നു?

(2) ആത്മാവിന്റെ ഫലം പുറപ്പെടുവിക്കുന്നതിൽ എന്തുപങ്കാണ്, അങ്ങനെയുണ്ടെ ങ്കിൽ, മാനുഷിക ശ്രമത്തിലുള്ളത്? ഈ പങ്കിനെപ്പറ്റി നിങ്ങളുടെ സ്വന്തം അനു ഭവം നിങ്ങളോട് എന്തുപറയുന്നു?

(3) ജഡത്തിന്റെ പ്രവർത്തികൾ നടത്തുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്ന് പൗലൊസ് പറയുന്നു. നാം പ്രവർത്തിയാലല്ല വിശ്വാസത്താലാണ് രക്ഷിക്കപ്പെടുന്നതെന്ന് പൗലൊസ് പറയുന്ന വസ്തുതയുമായി ഈ പ്രസ്താവന നിങ്ങൾ എങ്ങനെ അനുരഞ്ജിപ്പിക്കും?

(4) ദൈവവുമായുള്ള നിങ്ങളുടെ സ്വന്തം നടപ്പിൽ, നിങ്ങൾ നേരിടുന്ന ഏറ്റവും വലിയ പോരാട്ടം എന്താണ്? അത് പാപവും പാപം നിങ്ങളുടെ ദൈവവുമായുള്ള ബന്ധത്തോട് എന്ത് ചെയ്യുന്നു എന്നുള്ളതുമല്ലേ? അവന്റെയോ അവളുടെയോ ജീവിതത്തിലുള്ള പാപം മുഖാന്തരം ഏത് ക്രിസ്ത്യാനിക്കാണ് നിരാശയും, പ്രത്യേകിച്ച് അകൽച്ചയും അനുഭവപ്പെടാത്തത്? പ്രത്യേകിച്ച് നമുക്ക് ആ പാപത്തിന്റെ മേൽ വിജയിക്കാനുള്ള വാഗ്ദത്തം ഉള്ളതുകൊണ്ട്? പാപത്തിനു മേലുള്ള വിജയത്തിന്റെ പാശ്ചാത്തലത്തിൽ ഈ വസ്തുത നാം കണക്കിലെടുത്താൽ, നമ്മുടെ രക്ഷ പൂർണമായും യേശു നമുക്കുവേണ്ടി ചെയ്തതിന്റെ അടിസ്ഥാനത്തിലാണെന്ന് നാം എന്തുകൊണ്ട് എപ്പോഴും ഓർമ്മിക്കണം?

**സംഗ്രഹം:**

എല്ലാ വിശ്വാസികളുടെയും ജീവിതത്തിൽ ജഡത്തിന്റെ മോഹങ്ങളും ആത്മാവിന്റെ ആഗ്രഹങ്ങളും തമ്മിൽ ഒരു സംഘട്ടനം നിലനിൽക്കുന്നുവെങ്കിലും, ക്രിസ്തീയ ജീവിതം പരാജയത്തിൽ നശിക്കേണ്ടതില്ല? ക്രിസ്തു മരണത്തിന്റെയും പാപത്തിന്റെയും ശക്തിയെ കീഴടക്കിയതുകൊണ്ട്, ക്രിസ്തീയ ജീവിതം ആത്മാവ് വാഴുന്നൊരു ജീവിതമാകാം. ഇത് നമുക്ക് ജഡത്തിന്റെ മോഹങ്ങളെ അകറ്റി നിർത്തുമ്പോൾ നമ്മെ പ്രാപ്തരാക്കുന്നു ദൈവകൃപ ദിവസേന നൽകും.